വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻ ഷിപ്പ്മെന്റ് ടെർമിനലിന്റെ നിർമ്മാണം

100 (1685) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻ ഷിപ്പ്മെന്റ് ടെർമിനലിന്റെ നിർമ്മാണം ഏത് രീതിയിൽ നടപ്പാക്കാനാണ് സർക്കാർ ഇപ്പോൾ പദ്ധതിയിട്ടിരിക്കുന്നത് ;

(ബി) ഇതിലേക്ക് ഏതെങ്കിലും ഏജൻസിയെ സർക്കാർ ചുമതല പ്പെടുത്തിയോ ;

(സി) ഉണ്ടെങ്കിൽ ആരെയാണ് ;

(ഡി) പദ്ധതിയുടെ ധനസമാഹരണം എങ്ങനെ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഇ) ഇതിലേക്ക് സംസ്ഥാന സർക്കാർ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി നേടിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ;

(ജി) ഇതിലേക്ക് എത്ര തുകയാണ് സർക്കാർ സമാഹരിക്കാൻ ഉദ്ദേശിക്കുന്നത് ;

(എച്ച്) ഈ തുക എന്നത്തേക്ക് സമാഹരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ;

(ഐ) ഇതിലേക്ക് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ലാന്റ് ലോഡ് മോഡലിൽ നടപ്പിലാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സമാഹരിക്കുന്ന രീതി ആലോചിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) ഇന്ത്യയ്ക്കകത്തുനിന്നുമുള്ള ധനകാര്യ സ്ഥാപനങ്ങളുമായി മാത്രമേ ബന്ധപ്പെടുവാൻ ഉദ്ദേശിക്കുന്നുള്ളു.

(ജി) പ്രാരംഭഘട്ടത്തിൽ ഏകദേശം 2500 കോടി രൂപ.

(എച്ച്) 2011 വർഷത്തിൽ സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) SBT-യുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും സാമ്പത്തിക സഹായം സമാഹരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. തുടർ ചർച്ചകൾ നടന്നുവരുന്നു.

ആഭ്യന്തര ചരക്കുഗതാഗതം

101 (1686) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കൂടാതെ കേരളത്തിൽ ഉപയോഗയോഗ്യമായ എത്ര തുറമുഖങ്ങൾ ഉണ്ട് ; എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുപയോഗിച്ചുകൊണ്ട് ആഭ്യന്തര ചരക്കുഗതാഗതം വികസിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിക്കുമോ ;

(സി) ആഭ്യന്തര ചരക്കുഗതാഗതത്തിന് ഉതകുന്ന ചെറിയ കപ്പലുകളും പത്തേമാരികളും ഇതിനായി ഉപയോഗിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊച്ചി കൂടാതെ കേരളത്തിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ, നീണ്ടകര, കോട്ടയം എന്നീ ആറ് തുറമുഖങ്ങളിലാണ് ചരക്കു ഗതാഗതം നടത്താൻ യോഗ്യമായിട്ടുള്ളത്.

(ബി) ആലോചിക്കുന്നുണ്ട്.

(സി) നിലവിൽ ചെറിയ യന്ത്രവൽകൃത പായ്കപ്പലുകളും, ചെറിയ കപ്പലുകളും ഉപയോഗിച്ചാണ് ചരക്കുഗതാഗതം നടത്തുന്നത്. ആഭ്യന്തര ചരക്കുഗതാഗതം കൂടുതൽ വികസിപ്പിക്കുന്നതിന് എന്തെല്ലാം ചെയ്യണം എന്നതിനെപ്പറ്റി വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ഒരു കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്.

യൂത്ത് കമ്മീഷൻ

102 (1687) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികളായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ കമ്മീഷൻ എപ്പോൾ രൂപീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly